## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 3063

20.06.2014 -ൽ മറുപടി നൽകേണ്ടത്

## തിരുവനന്തപുരം മാസ്റ്റർ പ്ലാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എം. ഷാജി | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) തിരുവനന്തപുരം കോർപ്പറേഷനു വേണ്ടി നഗരാസൂത്രണ വകുപ്പ് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ എന്നാണ് പ്രസിദ്ധീകരിച്ചത് ; | (എ) 08-04-2013-ലാണ് തിരുവനന്തപുരം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത്. |
| (ബി) പ്രസ്തുത മാസ്റ്റർ പ്ലാനെതിരെ ഉയർന്ന വിവാദങ്ങളെത്തുടർന്ന് തുടർനടപടികൾ നിർത്തിവച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) 26-02-2014-ലെ സ. ഉ (എം.എസ്) നം. 53/14/തസ്വഭവ പ്രകാരം കരട് മാസ്റ്റർ പ്ലാൻ താൽക്കാലികമായി മരവിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരം ഓരോ പദ്ധതിക്കും എത്ര ഭൂമി വീതമാണ് വേണ്ടതെന്നും ഏറ്റെടുക്കേണ്ട ഭൂമിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും വിശദമാക്കുമോ ; | (സി) പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരം പ്രധാനപ്പെട്ട വികസന നിർദ്ദേശങ്ങൾക്കായി മാറ്റി വച്ചിരിക്കുന്ന ഭൂമിയുടെ ഏകദേശം വിവരം താഴെക്കൊടുക്കുന്നു. |

**പ്രധാനപ്പെട്ട വികസന നിർദ്ദേശങ്ങൾ**

| നമ്പർ | നിർദ്ദേശം | ഏകദേശ വിസ്തൃതി (ഏക്കർ) |
|---|---|---|
| 1. | ISBT ഈഞ്ചയ്ക്കൽ | 26 |
| 2. | ഹൈക്കോർട്ട് കോംപ്ലക്സ് സമുച്ചയം | 11 |
| 3. | പൊതു മെഡിക്കൽ സ്ഥാപനം, സീനിയർ ലിവിംഗ് സെന്റർ, നാനോ ടെക്നോളജി റിസർച്ച് സെന്റർ | 135 |
| 4. | കറക്ഷണൽ ഇൻസ്റ്റിറ്റ്യൂഷൻ | 147 |
| 5. | മൊബിലിറ്റി ഹബ്ബ് - വേളി | 141 |
| 6. | ലോജിസ്റ്റിക് സെന്റർ - വിഴിഞ്ഞം | 174 |
| | | |

| | | |
|---|---|---|
| നിർദ്ദേശിച്ചിരിക്കുന്ന പാർക്കുകളും ഓപ്പൺ സ്പേസുകളും | | |
| 1. | ചെങ്കോട്ടുകോണം | 25 |
| 2. | മാർ ഇവാനിയോസ് കോളേജിന് സമീപം | 8 |
| 3. | ആക്കുളത്ത് | 9 |
| 4. | പേരൂർക്കട - മണ്ണാറക്കോണം റോഡിൽ പേരൂർക്കടയ്ക്കു സമീപം | 1 |
| 5. | മുടവൻമുഗൾ- കുന്നപ്പുഴ റോഡിൽ മുടവൻമുഗളിനു സമീപം | 2 |
| 6. | ആറ്റുകാലിൽ | 1 |
| 7. | തിരുവല്ലത്ത് | 4 |
| 8. | നേമം-പുന്നമൂട് റോഡ് | 10 |
| 9. | മുട്ടക്കാട് ജംഗ്ഷനു സമീപം | 8 |
| 10. | മുക്കോല ജംഗ്ഷനു സമീപം | 30 |

പ്രധാനപ്പെട്ട വികസന നിർദ്ദേശങ്ങൾക്കായി മാറ്റിവച്ചിരിക്കുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം വ്യക്തമായി നിർണ്ണയിച്ചിട്ടില്ല.

(ഡി) മാസ്റ്റർ പ്ലാനിന്റെ തുടർനടപടികൾ ഏതു വിധത്തിലായിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

(ഡി) പൊതുജനങ്ങളിൽ നിന്നും ലഭിച്ചതും/ലഭിക്കുന്നതുമായ എല്ലാ പരാതികളും പരിശോധിച്ചുകൊണ്ടുള്ള കുറ്റമറ്റതായ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിനുള്ള തുടർ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

Kayeein

സെക്ഷൻ ഓഫീസർ